സ്വീകരിച്ചിട്ടുള്ളത്. ഈ കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി വിലയിടിവ് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ടയർ കുത്തകക്കാരുടെ പരിശ്രമത്തിനെതിരായി റബ്ബർ കൃഷിക്കാരെ അടിയന്തിരമായി രക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണം. റബ്ബറിന്റെ വില താഴ്ന്നുപോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, എല്ലാ കൊല്ലവും റബ്ബറിന്റെവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. 1984–ൽ ഒരു കിലോഗ്രാം റബ്ബറിന്റെ ഏറ്റവും കുറഞ്ഞവില 14 രൂപ 74 പൈസയും കൂടിയ വില 17 രൂപ 20 പൈസയുമായിരുന്നു. 1985–ൽ ഏറ്റവും കുറഞ്ഞ വില 14 രൂപ 32 പൈസയും കൂടിയ വില 16 രൂപ 75 പൈസയും ശരാശരി വില 16 രൂപയുമായിരുന്നു. ഇക്കൊല്ലം ജനുവരിയിൽ 16 രൂപ 65 പൈസയായിരുന്നു വില. മേയ്മാസത്തോടുകൂടി അത് 17 രൂപയായി വർദ്ധിച്ചു. ഇപ്പോൾ ഏതാണ്ട് 15.50 രൂപയായി കുറഞ്ഞു. സ്വാഭാവിക റബ്ബറിന്റെ ഉൽപ്പാദനവും ആഭ്യന്തര ഉപയോഗവും തമ്മിലുള്ള അസന്തുലിതാവസ്ഥയാണ് ഈ ഏറ്റക്കുറച്ചിലിന് പ്രധാന കാരണം.

1984–86 കാലഘട്ടത്തിലെ ഉൽപ്പാദനവും ഉപഭോഗവും വിടവും ഇറക്കുമതിയും താഴെപ്പറയും പ്രകാരമാണ്.

വർഷം	ഉൽപ്പാദനം (ടണ്ണിൽ)	ഉപഭോഗം (ടണ്ണിൽ)	വിടവ് (ടണ്ണിൽ)	ഇറക്കുമതി (ടണ്ണിൽ)
1984–85	186450	217510	31600	32492
1985–86	200465	235440	34975	36026

വിടവുനികത്തുവാൻവേണ്ടിയുള്ള റബ്ബർ ഇറക്കുമതി ചെയ്യാൻ കാലതാമസം വന്നാൽ റബ്ബറിന്റെ വില കൂടും. കേന്ദ്ര ഗവൺമെന്റ് 2,500 ടൺ റബ്ബറിന്റെ ഒരു ബഫർ സ്റ്റോക്കുണ്ടാക്കാൻ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ റബ്ബറിന്റെ വിലയിലുള്ള ഏറ്റക്കുറച്ചിലുകൾക്ക് മാറ്റം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

12. നാടാപുരം കല്ലാച്ചി ഇലക്ട്രിസിറ്റി സബ് ഡിവിഷൻ അതിർത്തിയിലെ കറണ്ടു തകരാറ്

ശ്രീ. കെ.ടി. കണാരൻ: ഈ സഭയ്ക്ക് ഇപ്പോൾ അനുഭവപ്പെട്ട ഒരു കാര്യമാണ്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എന്റെ നിയോജകമണ്ഡലമായ നാടാപുരം കല്ലാച്ചി ഇലക്ട്രിസിറ്റി സബ് ഡിവിഷൻ അതിർത്തിയിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി അനുഭവപ്പെടുന്ന ദയനീയാവസ്ഥയ്ക്ക് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി ഇന്നു വിചാരിച്ചാൽ കഴിയുന്നതാണ്. വില്യാപ്പള്ളി ഇലക്ട്രിസിറ്റി സബ് സ്റ്റേഷനിൽനിന്നാണ് കല്ലാച്ചി സ്റ്റേഷനിലേക്ക് ഇലക്ട്രിസിറ്റി വിതരണം ചെയ്യുന്നത്. അവിടത്തെ ഫീഡർ തകരാറിലാണ്. ഒരു മഴയോ കാറ്റോ വന്നാൽ മതി ആ ഫീഡർ തകരാറിലാകും. അതൊന്നുമാറ്റി പുനഃസംവിധാനം ചെയ്ത് ഈ കല്ലാച്ചി സ്റ്റേഷ

LIBRARY ARCHIVES Kerala Legislative Assembly

നതിർത്തിയിലുള്ള ജനങ്ങളെ സംരക്ഷിക്കാൻ, നാദാപുരം ടൗണിനെ പ്രത്യേകമായി സംരക്ഷിക്കാൻ കാലാകാലങ്ങളായി അനുവേഗിക്കുന്ന ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ, സത്വരമായ, അടിയന്തിരമായ, അത്യാവശ്യമായ പരിഗണനയും ശ്രദ്ധയും നടപടിയും ഉണ്ടാകണമെന്ന് ഞാൻ അങ്ങയെ സാക്ഷിനിറുത്തി അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം സാധാരണ പറയാറുള്ളതുപോലെ ഈ കാര്യവും ഇവിടെ അവതരിപ്പിച്ചു. അദ്ദേഹം ഉന്നയിച്ചതുകൊണ്ട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭയിലും സെക്രട്ടറിയേറ്റിലും വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനുള്ള ചുമതല വിദ്യുച്ഛക്തി ബോർഡിനല്ല. ഇവിടെ വിദ്യുച്ഛക്തി പോയപ്പോൾ "എവിടെ ബാലകൃഷ്ണപിള്ള" എന്നൊക്കെ ഇവിടെ പലരും ചോദിച്ചു. ഈ സെക്രട്ടറിയേറ്റിനകത്തുള്ള സ്വിച്ചിംഗ് സമ്പ്രദായങ്ങളും മറ്റും വേറെയാണ്. ഇത് വിദ്യുച്ഛക്തി ബോർഡിന് നേരിട്ട് നിയന്ത്രണമില്ലാത്ത കാര്യമാണ്. ലൈറ്റു പോകുന്നതും വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി പലപ്പോഴും പലരും ചോദിക്കാറുള്ളതുകൊണ്ട് അത് വിശദീകരിക്കാൻ ഒരു സന്ദർഭം കിട്ടിയതിൽ സന്തോഷമുണ്ട്. ശ്രീമാൻ കണാരൻ എപ്പോഴും ഈ രീതിയിലാണ് സംസാരിക്കാറുള്ളത്. ഇതു ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യമൊന്നുമല്ല. ഇതിനകത്ത് ചില ഏർപ്പാടുകളുണ്ട്. ഇവിടെ ജനറേറ്ററും ചില ലൈൻ സ്വിച്ചാഫുമുണ്ട്. ഈ പറഞ്ഞ സ്ഥലത്ത് ആദ്യം ഒരു ട്രാൻസ്ഫോർമർ കേടായി. ആ ട്രാൻസ്ഫോർമർ മാറ്റി വച്ചു. മാറ്റി വച്ചു കഴിഞ്ഞപ്പോൾ ഒരു ലോറി വന്നിടിച്ച് ഒരു തൂൺ പോയി. അതിനെത്തുടർന്ന് വയലിൽക്കൂടി പോകുന്ന ഒരു പ്രധാനപ്പെട്ട 11. കെ.വി. ലൈൻ പൊട്ടി താഴെ വീണു. അത് നന്നാക്കി വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ആദ്യം ട്രാൻസ്ഫോർമർ കേടായി, വേറെ ട്രാൻസ്ഫോർമർ കൊണ്ടുവച്ചപ്പോഴാണ് ഈ ലൈനിൽ വണ്ടിമുട്ടി ഇങ്ങനെ ഒരു സംഭവം ഉണ്ടായത്. വിദ്യുച്ഛക്തി ബോർഡ് ഇത് രണ്ടും പരിഹരിച്ചിട്ടുണ്ട്. വടകര സബ്സ്റ്റേഷനിൽനിന്ന് പുതിയ ഒരു ലൈൻകൂടി വലിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഇതിന്റെ അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ ക്രൂരമായി സംസാരിക്കരുത്: തമിഴ്നാട്ടിൽനിന്ന് ഒരു വണ്ടി വന്നിടിച്ചത് മന്ത്രിയുടെ കുറ്റമാണെന്ന് പറഞ്ഞാൽ അത് ക്രൂരതയാണ് എന്ന് മാത്രമേ പറയാൻ കഴിയുകയുള്ളൂ.

13. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി

ശ്രീ. എം.എം. ഹസ്സൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ 2 എം.എൽ.എ. റോഡുകളിൽ ഒരു റോഡിന്റെ പകുതി പണി പൂർത്തിയായിട്ടുണ്ട്. കല്ലൂർ—മഞ്ഞമല റോഡിൽ ടാറിംഗ് മാത്രമാണ് ബാക്കിയുള്ളത്. എത്രയും വേഗം ആ റോഡ് ടാറുചെയ്തു സഞ്ചാരയോഗ്യമാക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. രണ്ടാമത്തേത് കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുല്ലാന്നിവിള—നരിക്കൽ റോഡും മൂഴിനട പാലവുമാണ്. കാൽനൂറ്റാണ്ടുകാലമായി ഈ പ്രദേശത്തെ ജനങ്ങൾ ഗതാഗത സൗകര്യമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly